(സി&ഡി) ഉണ്ട്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ മൃഗാശുപത്രിയിലുള്ള ഉദ്യോഗസ്ഥനാണ് കർഷകർക്കുള്ള മൃഗസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല്

77 (1872) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ന് ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ അളവ് എത്രയാണ് ;

(ബി) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനക്ഷമത എത്രയാണ് ;

(സി) സംസ്ഥാനത്തിനു ആവശ്യമായ അരിയാഹാരത്തിനുള്ള നെല്ല് സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിന് നെല്ലിന്റെ ഉൽപ്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-2002-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 10.553 ലക്ഷം ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്. 2002-2003-ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 2001-2002-ലെ കണക്കനുസരിച്ച് നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിനു 3273 കിലോഗ്രാമാണ്.

(സി) നെല്ലിന്റെ ഉല്പാദനം 57.81 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ജൈവകർഷക സാക്ഷ്യപത്രം നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

78 (1873) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകർഷക സാക്ഷ്യപത്രം നൽകുന്നതിനു കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വമ്പിച്ച പ്രചാരം കൊടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് ഏതെങ്കിലും ജൈവകർഷക സംഘങ്ങൾക്ക് സാക്ഷ്യപത്രം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly